(ബി) 9 രൂപ.

(സി) മൂന്ന് മണിക്കൂർ ജോലിക്ക്.

(ഡി) ഉണ്ട്. പ്രതിഫലം ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

89 (1307) പരീക്ഷാ ജോലികൾക്ക് നൽകുന്ന പ്രതിഫലം

ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എസ്.എസ്.എൽ.സി മുതലായ പരീക്ഷകളുടെ ബോർഡ് മെമ്പർമാർക്കും ചോദ്യം തയ്യാറാക്കുന്ന വിദഗ്ദ്ധ അംഗങ്ങൾക്കും നിലവിലുള്ള പ്രതിഫലനിരക്ക് നിശ്ചയിച്ചത് എന്നാണ്;

(ബി) ഇത് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് തീരുമാനം എടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1979-ൽ

(ബി) ഉണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

90 (1308) ഹൈസ്കൂൾ കമ്പ്യൂട്ടർ പരിശീലകരായ അദ്ധ്യാപകരുടെ ശമ്പളം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പ്യൂട്ടർ കോഴ്സുകൾ അനുവദിച്ച ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പരിശീലകരായ അദ്ധ്യാപകർക്കു ശമ്പളം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൽ.ബി.എസ്/ഐ.എച്ച്.ആർ.ഡി.ഇ എന്നീ ഏജൻസികളുടെ മേൽനോട്ടത്തിൽ കമ്പ്യൂട്ടർ പരിശീലനം നൽകുന്ന സ്കൂളുകളിലെ കമ്പ്യൂട്ടർ അദ്ധ്യാപകർക്ക് പ്രസ്തുത ഏജൻസികൾ വഴി ശമ്പളം നൽകുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്ന സ്കൂളുകളിലെ കമ്പ്യൂട്ടർ അദ്ധ്യാപകർക്ക് മണിക്കൂറിന് 30/- രൂപ നിരക്കിൽ വേതനം നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly